**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 255** **16-09-2025 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിലെ സ്റ്റാഫ് നേഴ്സുമാരുടെ അഭാവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിൽ സ്റ്റാഫ് നേഴ്സുമാരുടെ അഭാവംമൂലം രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | രോഗികളുടെ എണ്ണത്തിന് ആനുപാതികമായി സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ നേഴ്സിംഗ് ഓഫീസർ (സ്റ്റാഫ് നേഴ്സ് ഗ്രേഡ് 2) തസ്തികകൾ വർദ്ധിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ആർദ്രം മിഷനിലൂടെ ആരോഗ്യ വകുപ്പിൽ 2016 മുതൽ 1390 നേഴ്സിംഗ് ഓഫീസർ (സ്റ്റാഫ് നേഴ്സ് ഗ്രേഡ് 2) തസ്തികകൾ സൃഷ്ടിച്ചു. പ്രസ്തുത ഒഴിവുകളും ആരോഗ്യ വകുപ്പിലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും റിട്ടയർമെന്റ്, സ്ഥാനക്കയറ്റം എന്നിവ മൂലം സ്റ്റാഫ് നേഴ്സ് ഗ്രേഡ് 2 (നേഴ്സിംഗ് ഓഫീസർ) തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളും കൃത്യമായി പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുകയും നിയമനങ്ങൾ സമയബന്ധിതമായി നടത്തുകയും ചെയ്തിട്ടുണ്ട്. മേൽ സൂചിപ്പിച്ച അംഗീകൃത തസ്തികകൾക്ക് പുറമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നാഷണൽ ഹെൽത്ത് മിഷൻ, ഹോസ്പ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി/ ഹോസ്പ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റി, കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി ഫണ്ട് മുഖേനയും നേഴ്സിംഗ് ഓഫീസർമാരെ നിയമിച്ച് കൂടുതൽ നഴ്സുമാരുടെ സേവനം ലഭ്യമാക്കി മെച്ചപ്പെട്ട ചികിത്സ സർക്കാർ ആശുപത്രികളിൽ ഉറപ്പാക്കിയിട്ടുണ്ട്. |
| (ബി) | റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ നിയമനം വൈകുന്നതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ; | (ബി) | നേഴ്സിംഗ് ഓഫീസർ തസ്തികയിൽ നിയമനത്തിൽ കാലതാമസം ഉണ്ടായിട്ടില്ല. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള റാങ്ക് ലിസിറ്റിൽ നിന്നും നിയമന ശിപാർശ ലഭ്യമായിട്ടുള്ള 1354 പേരിൽ 1338 പേർക്കും നിയമന ഉത്തരവ് നൽകി. ശേഷിക്കുന്ന 16 പേർക്ക് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ആരോഗ്യ വകുപ്പിൽ എല്ലാ ഒഴിവുകളും സമയബന്ധിതമായി പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | എറണാകുളം ജില്ലയിലെ ഓരോ ആശുപത്രിയുടെയും സ്റ്റാഫ് നേഴ്സുമാരുടെ ഒഴിവുകൾ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (സി) | പട്ടിക അബന്ധമായി ചേർക്കുന്നു. |
| (ഡി) | സ്റ്റാഫ് നേഴ്സുമാരുടെ പ്രമോഷൻ സമയബന്ധിതമായി നടത്താത്തതുമൂലം ഒഴിവുകൾ നികത്താൻ കഴിയാത്ത സാഹചര്യമുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ഡി) | നഴ്സിംഗ് ഓഫീസർ തസ്തികയിൽ നിന്നും നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം സമയബന്ധിതമായി നടത്തപ്പെടുകയും തൻമൂലം ഫീഡർ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നുമുണ്ട്. |
| (ഇ) | കൂടുതൽ സ്റ്റാഫ് നഴ്സുമാരെ നിയമിക്കുന്നതിനായി എന്തെല്ലാം കർമ്മപദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഇ) | സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന രോഗികളുടെ എണ്ണത്തിന് ആനുപാതികമായി സ്റ്റാഫ് നഴ്സുമാരുടെ എണ്ണം ഉറപ്പാക്കുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമനമ്പർ | സ്ഥാപനം | ഒഴിവുകൾ |
|---|---|---|
| 1 | എറണാകുളം ജനറൽ ആശുപത്രി | 6 |
| 2 | മട്ടാഞ്ചേരി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി | 1 |
| 3 | നോർത്ത് പറവൂർ താലൂക്ക് ആസ്ഥാന ആശുപത്രി | 3 |
| 4 | കോതമംഗലം താലൂക്ക് ആസ്ഥാന ആശുപത്രി | 1 |
| 5 | ഫോർട്ട് കൊച്ചി താലൂക്ക് ആസ്ഥാന ആശുപത്രി | 1 |
| 6 | പിറവം താലൂക്ക് ആസ്ഥാന ആശുപത്രി | 1 |
| 7 | മൂത്തകുന്നം സാമൂഹികാരോഗ്യ കേന്ദ്രം | 1 |
| 8 | വടവുകോട് സാമൂഹികാരോഗ്യ കേന്ദ്രം | 1 |
| 9 | ചെങ്ങമനാട് സാമൂഹികാരോഗ്യ കേന്ദ്രം | 1 |
| 10 | കൂത്താട്ടുകുളം സാമൂഹികാരോഗ്യ കേന്ദ്രം | 1 |
| 11 | മുനമ്പം കുടുംബാരോഗ്യകേന്ദ്രം | 2 |
| 12 | മണീട് കുടുംബാരോഗ്യകേന്ദ്രം | 1 |
| 13 | പുതുവൈപ്പ് കുടുംബാരോഗ്യകേന്ദ്രം | 1 |
| 14 | പിഴല പ്രാഥമികാരോഗ്യകേന്ദ്രം | 1 |
| 15 | എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് | 2 |

സെക്ഷൻ ഓഫീസർ